# കേരളസർവകലാശാല

നം.പി.ആർ.38/2022

## പത്രക്കുറിപ്പ്

### പരീക്ഷ ഫലം

കേരളസർവകലാശാല 2021 ഒക്ടോബറിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ ബി. എഡ് (2013 സ്കീം മേഴ്സി ചാൻസ്) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദമായ പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 4 വരെ അപേക്ഷിക്കാവുന്നതാണ്.

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം 2021 ഓഗസ്റ്റ് മാസം നടത്തിയ എം.എ എക്കണോമിക്സ് ഒന്നും രണ്ടും സെമസ്റ്റർ പരീക്ഷകളുടെ (2019 അഡ്മിഷൻ റെഗുലർ, 2017 & 2018 അഡ്മിഷൻ സപ്ലിമെന്ററി) ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 3 വരെ അപേക്ഷിക്കാവുന്നതാണ്. വിശദവിവരം വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 ഓഗസ്റ്റ് മാസം നടത്തിയ ഒന്നും രണ്ടും വർഷ എം.എ ഹിന്ദി 2016 അഡ്മിഷൻ ആന്വൽ സ്കീം സപ്ലിമെന്ററി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരം വെബ്സൈറ്റിൽ സൂക്ഷ്മപരിശോധനയ്ക്ക് മാർച്ച് നാലുവരെ അപേക്ഷിക്കാവുന്നതാണ് മാർക്ക് ലിസ്റ്റുകൾ ഹാൾടിക്കറ്റുമായി ഇ.ജെ II സെക്ഷനിൽ നിന്ന് ഫെബ്രുവരി 25 മുതൽ കൈപ്പറ്റാവുന്നതാണ്.

കേരളസർവകലാശാല 2021 ഓഗസ്റ്റ് മാസം നടത്തിയ ഒന്നാം സെമസ്റ്റർ എം.എ മാസ് കമ്മ്യൂണിക്കേഷൻ ആൻഡ് ജേണലിസം പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കുള്ള അവസാന തീയതി മാർച്ച് 3. വിശദവിവരം വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 നവംബർ മാസം നടത്തിയ ആറാം സെമസ്റ്റർ ബി.കോം ഹിയറിംഗ് ഇമ്പയേർഡ് (2013 സ്കീം റെഗുലർ/ സപ്ലിമെന്ററി ) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും മാർച്ച് 4 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരം വെബ്സൈറ്റിൽ.

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ കേന്ദ്രം 2021 ഓഗസ്റ്റ് മാസം നടത്തിയ എം.എ ഇംഗ്ലീഷ് (2019 അഡ്മിഷൻ റെഗുലർ 2017 & 2018 അഡ്മിഷൻ –സപ്ലിമെന്ററി, 2018 അഡ്മിഷൻ-ഇംപ്രൂവ്മെന്റ്) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു പുനർമൂല്യ നിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 3 വരെ അപേക്ഷിക്കാം വിശദവിവരം വെബ്സൈറ്റിൽ.

### സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2021 സെപ്റ്റംബർ മാസം നടത്തിയ നാലാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും പ്രസ്തുത പരീക്ഷയുടെ ഹാൾ ടിക്കറ്റുമായി 2022 ഫെബ്രുവരി മാസം 24, 25, 26 തീയതികളിൽ EJ X (പത്ത്) എത്തിച്ചേരേണ്ടതാണ്.

## ടൈംടേബിൾ

കേരളസർവകലാശാല 2022 മാർച്ച് മാസം 15 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എം.ബി.എ (റെഗുലർ 2020 സ്കീം/ സപ്ലിമെന്ററി 2014 സ്കീം/ 2017 അഡ്മിഷൻ 2018 സ്കീം/ 2018 & 2019 അഡ്മിഷൻ) പരീക്ഷകളിൽ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. ഇന്റേൺഷിപ്പ് റിപ്പോർട്ട് സമർപ്പിക്കാനുള്ള അവസാന തീയതി മെയ് 31.

കേരളസർവകലാശാല യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടത്തെ ഏഴാം സെമസ്റ്റർ ബി.ടെക്. റെഗുലർ (മാർച്ച് 2022) - 2018 അഡ്മിഷൻ വിദ്യാർത്ഥികളുടെ പരീക്ഷാ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ മൂന്നാം സെമസ്റ്റർ എം.എ./എം.എസ്സി./എം.കോം. സ്പെഷ്യൽ പരീക്ഷ, ഒക്ടോബർ 2020 പരീക്ഷ ഫെബ്രുവരി 28 മുതൽ ആരംഭിക്കുന്നതാണ്. അപേക്ഷകർ അതാത് കോളേജുമായി ബന്ധപ്പെടേണ്ടതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## ലോക്ക് ഡൗൺ കാലത്തെ മത്സ്യകൃഷിയിൽ വെബിനാർ

മറ്റു സേവനമേഖലകൾ സാമ്പത്തികനഷ്ടത്തിൽ ആയപ്പോൾ കോവിഡ് കാലത്ത് കേരളത്തിലെ മത്സ്യകൃഷി മേഖല അഭൂതപൂർവ്വമായ വളർച്ചയാണ് കൈവരിച്ചത്. ലോക്ക് ഡൗണിൽ കുടുങ്ങി ജീവനോപാധി നഷ്ടപ്പെട്ട നല്ലൊരു ശതമാനം ചെറുപ്പക്കാർ ഈ മേഖലയിലേക്ക് കടന്നുവന്നിട്ടുണ്ട്. സോഷ്യൽ മീഡിയയിലെ സാക്ഷ്യങ്ങളിൽ ആകൃഷ്ടരായും നിരവധിപേർ മത്സ്യകൃഷിയിലേക്ക് എത്തിച്ചേർന്നു. മത്സ്യ കുഞ്ഞുങ്ങളും തീറ്റയും അന്യ സംസ്ഥാനങ്ങളിൽ നിന്നെത്തിക്കാനായി സർക്കാർ നിയന്ത്രണങ്ങളിൽ ഇളവു നൽകിയും, ഫിഷറീസ് വകുപ്പിന്റെ ജനകീയ മത്സ്യകൃഷി പദ്ധതിയിലുൾപ്പെടുത്തി സബ് സിഡികൾ നല്കിയും സർക്കാർ ഈ മേഖലയെ പ്രോത്സാഹിപ്പിച്ചു. കോവിഡ് കാരണം നിലവിൽവന്ന കടൽ മത്സ്യബന്ധന നിയന്ത്രണങ്ങളും മൺസൂൺകാല മത്സ്യബന്ധനനിയന്ത്രണങ്ങളും അന്യസംസ്ഥാന ഇറക്കുമതി മത്സ്യങ്ങളുടെ ഗുണനിലവാരക്കുറവുമെല്ലാം ചേർന്ന സാഹചര്യം തദ്ദേശീയമായി വളർത്തിയ മത്സ്യങ്ങൾക്ക് നല്ല വിലയും നൽകി. മത്സ്യകൃഷിയുടേയും അനുബന്ധ മേഖലകളുടേയും പ്രതിനിധികൾ അനുഭവങ്ങൾ പങ്കുവെക്കുന്ന വെബ്ബിനാറിലൂടെ ഈ വളർച്ചയുടെ സുസ്ഥിരത വിലയിരുത്തുകയും ഭാവിസാധ്യതകൾ ആരായുകയുമാണെന്ന് കേരളസർവ്വകലാശാലയിലെ അക്വാട്ടിക് ബയോളജി ആൻഡ് ഫിഷറീസ് വകുപ്പ് മേധാവി എ. ബിജുകുമാറും വെബ്ബിനാറിന്റെ ഓർഗനയിസിംഗ് സെക്രട്ടറി പ്രമോദ് കിരണും പറഞ്ഞു. 24 നു രാവിലെ പത്ത് മണിക്ക് കേരള സർവകലാശാല പ്രൊ-വൈസ് ചാൻസിലർ പ്രൊഫ. പി. പി. അജയകുമാറിന്റെ സാന്നിധ്യത്തിൽ കുഫോസ് വൈസ് ചാൻസിലർ പ്രൊഫ. റിജി ജോൺ ഉദ്ഘാടനം നിർവ്വഹിക്കും. രണ്ട് ദിവസം നീണ്ട് നിൽക്കുന്ന വെബ്ബിനാറിൽ ശാസ്ത്രജ്ഞരും, ഗവേഷകരും, സംരംഭകരും, കർഷകരും, വിദ്യാർത്ഥികളും പങ്കെടുക്കും.

തിരുവനന്തപുരം,
23.02.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

E-mail: For exam related queriesexamhelpdesk1@keralauniversity,examhelpdesk2@keralauniversity

**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**